**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1417 30.09.2011 - ൽ മറുപടിയ്ക്ക്

**നിരോധിക്കപ്പെട്ട കീടനാശിനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എ.കെ. ശശീന്ദ്രൻ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിക്കാർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ്സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിരോധിച്ച കീടനാശിനികൾ വിപണനം നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി എല്ലാ കീടനാശിനി ഡിപ്പോകളിലും നിശ്ചിത കാലയളവിൽ പരിശോധന നടത്തുന്നുണ്ട്. നിരോധിക്കപ്പെട്ട കീടനാശിനികളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ മുഖേന വ്യക്തമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിരോധിക്കപ്പെട്ട കീടനാശിനികളുടെ സംഭരണം, ഉപയോഗം, കള്ളക്കടത്ത് എന്നിവ തടയുന്നതിന് ആവശ്യമായ നടപടികൾ ജില്ലാതല സ്ക്വാഡ് വഴി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനശാലകളിൽ നിന്നും കീടനാശിനി വിതരണം നടത്താവൂ എന്നും ഉത്തരവ് നിഷ്ക്കർശിക്കുന്നു. |
| (ബി) | അന്യസംസ്ഥാനങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (ബി) | എൻഡോസൾഫാൻ നിരോധനത്തിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന കീടനാശിനികൾ പരിശോധിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാ കളക്ടർ മുഖേന അതിർത്തി ചെക്ക്പോസ്റ്റുകളിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജൈവകൃഷിക്ക് പ്രചാരം നൽകുന്നതിന് കർഷകർക്കായി എന്തൊക്കെ പരിശീലനപരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | കേരള സംസ്ഥാന ജൈവ കർഷക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലകൾ തോറും പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. വിവിധ തീയതികളിലായി സംഘടിപ്പിച്ച പരിശിലന പരിപാടിയിൽ കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റുമാർ, കർഷകർ, ഡിപ്പോ ഡീലർമാർ, സന്നദ്ധ സംഘടനകൾ എന്നിവർക്കാണ് പരിശീലനം നൽകിയത്. സംസ്ഥാനത്തെ കാർഷിക മേഖലയെ 10 വർഷം കൊണ്ട് പൂർണ്ണമായും ജൈവ കൃഷി രീതിയിലേയ്ക്ക് മാറ്റുന്നതിനും അവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന തിനുമാണ് പരിശീലനങ്ങൾ നടപ്പിലാക്കിയത്. |
| (ഡി) | ഇക്കാര്യങ്ങളുടെ ചുമതല കൃഷിവകുപ്പിലെ ഏതു ഉദ്യോഗസ്ഥനെയാണ് എല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ജില്ലാതല പരിശീലന പരിപാടികളുടെ ചുമതല കൃഷി ഡെപ്യൂട്ടി ഡയറക്ടറിൽ (ട്രെയിനിംഗ്) നിക്ഷിപ്തമായിരിക്കുന്നു. |

സെക്ഷൻ ഓഫീസർ